**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 885** **26-07-2021 - ൽ മറുപടിയ്ക്ക്**

**മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലയളവിൽ റവന്യൂ വകുപ്പിൽ നിന്നും മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട് 24.10.2020 – ന് സ.ഉ (കൈ) നം. 261/2020/റവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. |
| (ബി) | ഈ ഉത്തരവുകൾ സംബന്ധിച്ച ഫയലിൽ ഒപ്പുവച്ചവരുടെ പേരു വിവരം തസ്തിക സഹിതം അറിയിക്കുമോ; | (ബി) | 24.10.2020 ലെ സ.ഉ (കൈ) നം. 261/2020/റവ നം. ഉത്തരവ് സംബന്ധിച്ച റവന്യൂ-യു3/187/2019 എന്ന ഫയലിൽ ഒപ്പ വച്ചവരുടെ പേര്, തസ്തിക എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ശ്രീമതി. സ്മിത.കെ.എസ് - സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ശ്രീമതി. ഗംഗ. ജി.ആർ - സെക്ഷൻ ഓഫീസർ ശ്രീമതി. ശാലിനി. ഒ.ജി - അണ്ടർ സെക്രട്ടറി ശ്രീമതി.ഗിരിജകുമാരി.ജി- അഡീഷണൽ സെക്രട്ടറി ശ്രീ. എ. ജയതിലക് .ഐ.എ.എസ് (പ്രിൻസിപ്പൽ സെക്രട്ടറി) ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (സി) | ഈ ഫയലിൽ വിയോജനക്കുറിപ്പുകൾ രേഖപ്പെടുത്തുകയുണ്ടായോ എന്ന് വിശദമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | ഇപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതോ ഉത്തരവുമായി ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും ജീവനക്കാരനെതിരെ നടപടികൾ സ്വീകരിക്കുകയുണ്ടായോ; | (ഡി) | ഇല്ല. |
| (ഇ) | ഇപ്രകാരം നടപടി സ്വീകരിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ? | (ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ